# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5763** **02.07.2019 ലെ മറുപടി**

## കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി വലിയ കരിങ്കല്ലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി വലിയ കരിങ്കല്ലുകൾ വേണ്ടി വരുന്നതിനാൽ ടെൻണ്ടർ എടുക്കുവാൻ കരാറുകാർ മുന്നോട്ടുവരാത്ത കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (എ) (ബി) (സി) | ഉണ്ട്. കടൽഭിത്തി നിർമ്മണത്തിനാവശ്യമായ കല്ലിന്റെ ലഭ്യതക്കുറവും കല്ലിന്റെ നിരക്കിലെ അന്തരം മൂലവും പ്രവൃത്തി ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല. ഇതു പരിഹരിക്കുന്നതിനായി കടൽഭിത്തി നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ വില മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുന്നതിനുള്ള ഒരു ശിപാർശ പരിശോധിച്ചുവരുന്നു. കൂടാതെ മണൽ ലഭ്യമായിട്ടുള്ള കടൽതീരങ്ങളിൽ ബദൽ മാർഗ്ഗമെന്നനിലയിൽ ജിയോസിന്തെറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ നിറച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികളും നടത്തി വരുന്നു. |
| (ബി) | വലിയ കല്ലുകളുടെ ക്ഷാമവും, എസ്റ്റിമേറ്റ് തുകയിലെ കുറവും കാരണമാണ് കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്തത് എന്നത് പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ; | | |
| (സി) | ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടപ്പിൽ വരുത്തുവാനായി സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**